കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

www.lfa.kerala.gov.in

# ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-2019

e-mail-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി12-746/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി –15.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി12-746/2020 തീയതി –15.06.2020

# പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-10-2018മുതൽ17-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-11-2019മുതൽ 27-11-2019 വരെ |

| | |
|---|---|
| ശ്രീ.റോബർട്ട്.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.യു.ബിജു ആന്റണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാജൻ കെ.വി | സീനി.ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷഹീർ .എസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| | | |

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.സി.എൻ.ഷാജു ശങ്കർ | 1-4-18 മുതൽ 31-03-19വരെ |
| സെക്രട്ടറി | എം.സി.കുഞ്ഞഹമ്മദ് കുട്ടി | 1-4-18 മുതൽ 25-03-19പൂർവ്വാഹ്നം വരെ |
| | കെ.രാധാകൃഷ്ണൻ(അസി.സെക്രട്ടറി) | 25-03-19 അപരാഹ്നം മുതൽ31-03-19വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീകുമാർ.എസ് | 1-4-18 മുതൽ 31-03-19വരെ |
| വി.ഇ.ഒ | മല്ലിക.കെ.പി | 1-4-18 മുതൽ 31-03-19വരെ |
| ICDS സൂപ്പർവൈസർ | കെ.ആർ.ലതാകുമാരി | 1-4-18 മുതൽ 31-03-19വരെ |
| അസി.എഞ്ചിനീയർ | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 1-4-18 മുതൽ 31-03-19വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.യഹ്യാ ബാബു | 1-4-18 മുതൽ 31-03-19വരെ |
| | ഡോ.എസ്.പി.ധന്യ | 1-4-18 മുതൽ 31-03-19വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.എൻ.കെമോഹനൻ | 1-4-18 മുതൽ 31-03-19വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സി.മുഹമ്മദ് ഹനീഫ | 1-4-18 മുതൽ 31-03-19വരെ |
| | ഡോ.സുധീർ ബാബു | 1-8-18 മുതൽ 30-08-18വരെ |
| | ഡോ.വി,നാരായണൻ | 31-8-18 മുതൽ 31-03-19വരെ |
| അസി.സെക്രട്ടറി | കെ.രാധാകൃഷ്ണൻ | 1-4-18 മുതൽ 31-03-19വരെ |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | അനീഷ് നാരായണൻ | 1-4-18 മുതൽ 31-03-19വരെ |

ഉള്ളടക്കം

ഭാഗം 1


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം |

| | | |
|---|---|---|
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | ക്ഷേമ പദ്ധതികൾ |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 12 | 1-12 | ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ് |
| 13 | 1-13 | വസ്തു നികതി കുറവായി നിർണ്ണയിച്ചു – കുറവായ തുക ഈടാക്കേണ്ടതാണ് |
| 14 | 1-14 | ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് |
| 15 | 1-15 | പാലിന് ഇൻസെന്റീവ് - ആവശ്യമായ സബ്സിഡി തുക വകയിരുത്തിയില്ല |
| 16 | 1-16 | ഹരിത കർമ്മ സേന – വരവ് ചെലവ് കണക്കുകൾ ആധികാരികമാക്കേണ്ടതാണ് |
| 17 | 1-17 | ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല. |
| 18 | 1-18 | പാലിയേറ്റീവ് പരിചരണം - കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവ ലഭ്യമായിട്ടില്ല |
| 19 | 1-19 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗരേഖകൾ ഹാജരാണം |
| 20 | 1-20 | ബഡ്സ് സ്കൂൾ പ്രവർത്തനം- സർക്കാർ നിർദ്ദേശം പാലിക്കണം |
| 21 | 1- | കണക്കുകളുടെ സൂക്ഷിപ്പ് - വ്യവസ്ഥകൾ പാലിക്കണം |

| | | |
|---|---|---|
| | 21 | |
| 22 | 1-22 | പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം |
| 23 | 1-23 | പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. |
| 24 | 1-24 | എം. ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 25 | 1-25 | ഗുണഭോക്തൃ വിഹിതം -രശീത് നൽകിയില്ല |
| 26 | 1-26 | തൊഴിലുറപ്പ് പദ്ധതിയിലൂടെ കിണർ നിർമ്മാണം |
| 27 | 1-27 | തെരുവുവിളക്കുകളുടെ പരിപാലനം |
| 28 | 1-28 | പൊതുടാപ്പുകൾ ഒഴിവാക്കൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്. |

ഭാഗം 2

ഒന്നുമില്ല

ഭാഗം3

ഒന്നുമില്ല

ഭാഗം 4

| | | |
|---|---|---|
| 1 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 5 | 4-5 | സ്ഥിര നിക്ഷേപം |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 8 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 9 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 10 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

അനുബന്ധങ്ങൾ

1 ഓഡിറ്റ് സാക്ഷ്യപത്രം

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

13-03-2018 ലെ 1-)ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പാസ്സാക്കിയിട്ടുണ്ട്. മുന്നിരിപ്പുൾപ്പെടെ 13,78,65,255/-രൂപയുടെ വരവ് പ്രതീക്ഷിച്ചിരുന്നവെങ്കിലും ആയത് ലഭ്യമായിരുന്നില്ല. യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 14-05-2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 5440160 |
| വരവ് | 86042604 |
| ആകെ | 91482764 |
| ചെലവ് | 83370683 |
| നീക്കിയിരിപ്പ് | 8112081 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | -0- | 16679599 | 16679599 | 16679599 | -0- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -0- | 8650000 | 8650000 | 8640874 | 9126 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -0- | 646000 | 646000 | 0 | 646000 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | -0- | 22915000 | 22915000 | 22915000 | -0- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | -0- | 2780000 | 2780000 | 2510291 | 269709 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | -0- | 6001000 | 6001000 | 5805766 | 195234 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | -0- | -0- | -0- | -0- | -0- |
| സാക്ഷരത | | -0- | -0- | -0- | -0- | -0- |
| ദുരിതാശ്വാസനിധി | | 3269 | 1619 | 4888 | 2000 | 2888 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | -0- | 16244893 | 16244893 | 16244893 | -0- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1520 | 1055331 | 1056851 | 1045158 | 11693 |
| | ടിഎസ്സ്സി | 2415044 | 858307 | 3273351 | 1107242 | 2166109 |
| <u>സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ</u> | | | | | | |
| 1)എസ്സ്.സി കോർപ്പസ് ഫണ്ട് | | -0- | 498000 | 498000 | 498000 | -0- |
| 2)വിവാഹധനസഹായം | | -0- | 270000 | 270000 | 270000 | -0- |
| 3)ഉഴവുകൂലി | | -0- | 29480 | 29480 | 29480 | -0- |
| 4)തൊഴിൽരഹിതവേതനം | | -0- | 62880 | 62880 | 62880 | -0- |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -0- | 1647750 | 1647750 | 1505250 | 142500 |
| | ജില്ലാ പഞ്ചായത്ത് | 3 | 1436574 | 1436577 | 1140179 | 296398 |
| ബി ഫണ്ട് | | -0- | 47211960 | 47211960 | 47211960 | -0- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -0- | 77623000 | 77623000 | 77623000 | -0- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2702817 | 13815318 | 16518135 | 13625959 | 2892176 |
| | ട്രഷറി അക്കൗണ്ട് | 164996 | 12009086 | 12174082 | 9663532 | 2510550 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | |
|---|---|---|---|---|---|---|
| 278 | 104403866 | 247 | 69654371 | 28 | 3 | 88.9% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62880 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 6399600 | 517 |
| വിധവാപെൻഷൻ | 14044300 | 1065 |
| വാർദ്ധക്യകാലപെൻഷൻ | 20397100 | 1628 |
| വികലാംഗപെൻഷൻ | 3882800 | 309 |
| അവിവാഹിത പെൻഷൻ | 1627800 | 132 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1520 | 1055331 | 1056851 | 1045158 | 11693 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -0- | 16244893 | 16244893 | 16244893 | -0- |
| ആകെ | 1520 | 17300224 | 17301744 | 17290051 | 11693 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-11-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 814/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-12-2019മുതൽ 11-12-2019വരെ | നവമ്പർ 2019 വരെ | 11-12-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-03-18 മുതൽ 28-3-18 വരെ | 2012-13മുതൽ 2016-17വരെ | 20-06-2018 |

# 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്ത്രണ നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.അനിവാര്യ ചുമതലകളിൻമേലുള്ള ചെലവുകൾ വാർഷിക ബജറ്റ് തയ്യാറാക്കുന്ന വേളയിലെങ്കിലും അവലോകനം ചെയ്യേണ്ടതും ആയതുപ്രകാരം ക്രമപ്പെടുത്തേണ്ടതുമാണ്. ഉദാഹരണമായി തെരുവുവിളക്കുകളുടെ എണ്ണം സംയുക്തപരിശോധന നടത്തുകയോ പൂർണ്ണമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.കുടിവെള്ള വിതരണത്തിന്റെ ഭാഗമായി 262 പൊതുടാപ്പുകൾ നിലവിലുള്ളതിൽ 60 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് 07-10-2017ലെടുത്ത തീരുമാനത്തിന് ഇനിയും നടപടികളായിട്ടില്ല. വാഹന പരിപാലനത്തിന്റെ കാര്യത്തിൽ യഥാസമയം ഫ്യൂവൽ ടെസ്റ്റ് നടത്തേണ്ടതും ചട്ടപ്രകാരമുള്ള ഹിസ്റ്ററി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

# 1-11 തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂപ്പർ ഹോളോബ്രിക്സ് & സിമെന്റ് പ്രൊഡക്ട്സ് | കുഞ്ഞിലക്ഷ്മി | 4 |
| | | | |

| | | | |
|---|---|---|---|
| 2 | സമൃദ്ധി സ്റ്റോർ & ഗോഡൗൺ | സെക്രട്ടറി, ഗ്രാമീൺ സമൃദ്ധി ചരിറ്റബിൾ സൊസൈറ്റി | 3 |
| 3 | ആദിത്യ ഹീറോ മോട്ടോഴ്സ് | ബേബി സരോജ | 2 |
| 4 | പുഷ്പ്പാ ടിംബേഴ്സ് | വിജയൻ സി എൻ | 4 |
| 5 | കെ.കെ. വുഡ് ഇൻഡസ്ട്രീസ് | കെ എ ശിവശങ്കരൻ | 4 |
| 6 | പി.ജെ. ലാറ്റക്സ് | ജയിംസ് ജോർജ് പി | 3 |
| 7 | കൈരളി ഫ്ലവർ മിൽ | എമിലി ബേബി | 3 |
| 8 | ശ്രീകൃഷ്ണപുരം ചിട്ട്സ് പ്രൈ. ലിമിറ്റഡ് | രാജു പി | 3 |
| 9 | മഹാലക്ഷ്മി ഫൈനാൻസ് | രാജു പി | 2 |
| 10 | സ്വദേശ് നിധി ലിമിറ്റഡ് | രാജു പി | 4 |
| 11 | മൂകാംബിക ജ്വല്ലറി | പി ശശികുമാർ | 2 |
| 12 | ഫ്യൂച്ചർ ലൈൻ സോഫ്റ്റ്വെയേഴ്സ് | ജയകൃഷ്ണൻ കെ എൻ | 3 |
| 13 | എസ്.കെ.പി. എന്റർപ്രൈസസ് | രാകേഷ് കെ | 6 |
| 14 | എക്സലന്റ് ഏറിയേറ്റഡ് തമാസ് സോഫ്റ്റ് ഡ്രിംഗ്സ് | സിയാസ് എം | 3 |
| 15 | സബരീഷ് ഹോസ്റ്റൽ | രുഗ്മിണി നാരായണൻ | 2 |
| 16 | യൂണിറ്റി എന്റർപ്രൈസസ് മാർജിൻ ഫ്രീ മാർക്കറ്റ് | കെ സീമ | 3 |
| 17 | കൃഷ്ണ ഓഫ്സെറ്റ് പ്രിൻറ്റേഴ്സ് | കെ കെ രാമകൃഷ്ണൻ | 4 |
| 18 | ഫൈൻ റൊട്ടി എന്റർപ്രൈസസ് | ഫൈൻ ജോസ് | 3 |
| 19 | എം.ആർ.എസ്. സോളിഡ് & ഹോളോബ്രിക്ക്സ് | എ മോഹനൻ | 4 |

| | | | |
|---|---|---|---|
| 20 | വിഷ്ണു ഫെറോ സിമെന്റ്സ് | വിജയ | 3 |
| 21 | കെ.എം.കെ. ട്രൈഡേഴ്സ് | നിഷ എം | 4 |
| 22 | പി.കെ. ട്രൈഡേഴ്സ് | ജാബിർ പി കെ | 3 |
| 23 | വിവർത്തന പ്ലേറ്റ് കമ്പനി | പി എസ് രവി | 3 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയില്ല

ശ്രീകൃഷ്ണപുരം കെ.ടി.ഡി.സി. റസ്റ്റോറന്റ് & ബിയർ പാർലർ മാനേജർ സമർപ്പിച്ചിട്ടുള്ള ലൈസൻസിനുള്ള അപേക്ഷ പ്രകാരം സ്ഥാപനത്തിൽ 15 ജോലിക്കാരുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു (സ്ഥിരം-2, ട്രൈനീസ്-4, കാഷ്വൽ വർക്കേഴ്സ്-9). എന്നാൽ സ്ഥാപനം സമർപ്പിച്ചിട്ടുള്ള തൊഴിൽ നികുതി റിട്ടേൺ പ്രകാരം രണ്ടാളുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് (തൊഴിൽ നികുതി രജിസ്റ്ററിലെ ഡിമാന്റ് നം.54). സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി. ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാർ, റേഷൻ കട, കള്ള് ഷോപ്പ് എന്നിവയുടെ നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട, കള്ള് ഷാപ്പ് നടത്തിപ്പുകാർ, ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മണ്ണമ്പറ്റ ടീച്ചേഴ്സ് ട്രൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർ, പഞ്ചായത്തിലെ ജീപ്പ് ഡ്രൈവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

ഇ. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. ബി.എസ്.എൻ.എൽ., ശ്രീകൃഷ്ണപുരം

2. കെ.ഡബ്ല്യൂ.എ., ശ്രീകൃഷ്ണപുരം

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

4. ശ്രീകൃഷ്ണപുരം ചിട്ട്സ് പ്രൈ. ലിമിറ്റഡ്

5. മഹാലക്ഷ്മി ഫൈനാൻസ്, ശ്രീകൃഷ്ണപുരം

6. സ്വദേശ് നിധി ലിമിറ്റഡ്, ശ്രീകൃഷ്ണപുരം

# 1-12 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം പാൽ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയും ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയും ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്കും കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ക്ഷീര സഹകരണ സംഘങ്ങൾക്കും കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 വസ്തു നികതി കുറവായി നിർണ്ണയിച്ചു – കുറവായ തുക ഈടാക്കേണ്ടതാണ്

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു. ആയത് പുതുക്കി നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. ശ്രീമതി. ഭാഗ്യവതി, മുളകുതൊടി എന്നവരുടെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ചെയ്യുന്നതിനായുള്ള അപേക്ഷയിലെ അംഗീകരിച്ച പ്ലാൻ, കെട്ടിട നിർമ്മാണ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരമുള്ള പ്ലിന്റ് ഏരിയ – 46.06 ച.മീ.

മേൽ പ്ലാൻ പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള കെട്ടിട നമ്പറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗം | പ്ലിന്റ് ഏരിയ (ച.മീ) | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|
| 7/341-A | വാണിജ്യം | 15 | അടിസ്ഥാന വസ്തു നികുതി - 15*30 = 450 |

| | | | |
|---|---|---|---|
| | | | വർദ്ധനവ് (20%) - 90<br>ഇളവ് (10%) - 45<br>ലൈബ്രറി സെസ്സ് - 25<br>ആകെ - 520/- രൂപ (495+25) |
| 7/341-B | വാണിജ്യം | 15 | അടിസ്ഥാന വസ്തു നികുതി - 15*30 = 450<br>വർദ്ധനവ് (20%) - 90<br>ഇളവ് - ഇല്ല<br>ലൈബ്രറി സെസ്സ് - 27<br>ആകെ - 567/- രൂപ (540+27) |
| 7/341-C | വാണിജ്യം | 12 | അടിസ്ഥാന വസ്തു നികുതി - 12*30 = 360<br>വർദ്ധനവ് (20%) - 72<br>ഇളവ് (10%) - 36<br>ലൈബ്രറി സെസ്സ് - 20<br>ആകെ - 416/- രൂപ (396+20) |
| ആകെ പ്ലിന്റ് ഏരിയ | | 42 | |

എന്നാൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച ആകെ പ്ലിന്റ് ഏരിയ, അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള ആകെ പ്ലിന്റ് ഏരിയയിൽ നിന്നും 4.06 ച.മീ. (46.06-42) കുറവായാണ് എടുത്തിട്ടുള്ളത്. ഇതുമൂലം വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

കുറവ് വന്ന വസ്തു നികുതി

അടിസ്ഥാന വസ്തു നികുതി - 4.06*30 = 121.8

വർദ്ധനവ് (20%) - 24.36

ഇളവ് (10%) - 12.18

ലൈബ്രറി സെസ്സ് - 7

ആകെ - 141/- രൂപ (134+7)

2. ശ്രീ. രവീന്ദ്രനാഥ് കെ കെ, തിരുവാതിര എന്നവരുടെ അംഗീകരിച്ച പ്ലാൻ, കെട്ടിട നിർമ്മാണ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരമുള്ള ഒന്നാം നിലയിലെ ഹാളിന്റെ പ്ലിന്റ് ഏരിയ – 41.18 ച.മീ.

ടി കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള കെട്ടിട നമ്പറിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗം | പ്ലിന്റ് ഏരിയ (ച.മീ) | ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 14/321-D | വാണിജ്യം | 30.94 | അടിസ്ഥാന വസ്തു നികുതി - 30.94*30 = 928.2<br><br>വർദ്ധനവ് (20%) - 185.64<br><br>ഇളവ് (5%) - 55.7<br><br>ലൈബ്രറി സെസ്സ് - 53<br><br>ആകെ - 1112/- രൂപ (1059+53) | അടിസ്ഥാന വസ്തു നികുതി- 41.18*30 = 1235.4<br><br>വർദ്ധനവ് (20%) - 247.08<br><br>ഇളവ് (5%) - 61.77<br><br>ലൈബ്രറി സെസ്സ് - 71<br><br>ആകെ - 1492/- രൂപ (1421+71) | അടിസ്ഥാന വസ്തു നികുതി - 307.2<br><br>വർദ്ധനവ് (20%) - 61.44<br><br>ഇളവ് (5%) - 6.07<br><br>ലൈബ്രറി സെസ്സ് - 18<br><br>ആകെ - 398/- രൂപ (380+18) |

3. ശ്രീ. ഗോപാലകൃഷ്ണൻ, പാതാക്കര എന്നവരുടെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിലെ അംഗീകരിച്ച പ്ലാൻ പ്രകാരം താഴത്തെ നിലയുടെ പ്ലിന്റ് ഏരിയ – 61.55 ച.മീ.

മേൽ പ്ലാൻ പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള കെട്ടിട നമ്പറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗം | പ്ലിന്റ് ഏരിയ (ച.മീ) | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|
| 8/119-E | വാണിജ്യം | 18.51 | അടിസ്ഥാന വസ്തു നികുതി - 18.51*30 = 555.3<br><br>വർദ്ധനവ് (20%) - 111.06<br><br>ഇളവ് - ഇല്ല<br><br>ലൈബ്രറി സെസ്സ് - 34<br><br>ആകെ - 701/- രൂപ (667+34) |
| 8/119-F | വാണിജ്യം | 14.69 | അടിസ്ഥാന വസ്തു നികുതി - 14.69*30 = 440.7<br><br>വർദ്ധനവ് (20%) - വർദ്ധനവ് വരുത്തിയിട്ടില്ല<br><br>ഇളവ് - ഇല്ല<br><br>ലൈബ്രറി സെസ്സ് - 23<br><br>ആകെ - 464/- രൂപ (441+23) |
| 8/199-G | വാണിജ്യം | 14.69 | അടിസ്ഥാന വസ്തു നികുതി - 14.69*30 = 440.7 |

| | | | |
|---|---|---|---|
| | | | വർദ്ധനവ് (20%) - 88.14<br><br>ഇളവ് - ഇല്ല<br><br>ലൈബ്രറി സെസ്സ് - 27<br><br>ആകെ - 556/- രൂപ (529+27) |
| ആകെ പ്ലിന്റ് ഏരിയ | | 47.89 | |

എ. കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച ആകെ പ്ലിന്റ് ഏരിയ, അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള ആകെ പ്ലിന്റ് ഏരിയയിൽ നിന്നും 13.66 ച.മീ. (61.55-47.89) കുറവായാണ് എടുത്തിട്ടുള്ളത്. ഇതുമൂലം വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

കുറവ് വന്ന വസ്തു നികുതി

അടിസ്ഥാന വസ്തു നികുതി - 13.66*30 = 409.8

വർദ്ധനവ് (20%) - 81.96

ഇളവ് - ഇല്ല

ലൈബ്രറി സെസ്സ് - 25

ആകെ - 517/- രൂപ (492+25)

ബി. കെട്ടിട നം. 8/119-F ന് അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള 20% വർദ്ധനവ് വരുത്തിയിട്ടില്ല. ഇതുമൂലം വസ്തു നികുതിയിൽ 92/- (വസ്തു നികുതി-88+ലൈബ്രറി സെസ്-4) രൂപയുടെ കുറവ് വന്നിട്ടുണ്ട്.

4. ശ്രീ. കൃഷ്ണൻകുട്ടി, കുളങ്ങരതൊടി എന്നവരുടെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിലെ അംഗീകരിച്ച പ്ലാൻ, കെട്ടിട നിർമ്മാണ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരമുള്ള താഴത്തെ നിലയുടെ പ്ലിന്റ് ഏരിയ – 128.47 ച.മീ.

മേൽ പ്ലാൻ പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള കെട്ടിട നമ്പറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗം | പ്ലിന്റ് ഏരിയ (ച.മീ) | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|
| 8/158-A | വാണിജ്യം | 23.7 | അടിസ്ഥാന വസ്തു നികുതി - 23.7*30 = 711<br><br>വർദ്ധനവ് (20%) - 142.2<br><br>ഇളവ് - ഇല്ല<br><br>ലൈബ്രറി സെസ്സ് - 43<br><br>ആകെ - 897/- രൂപ (854+43) |
| 8/158-B | വാണിജ്യം | 23.35 | അടിസ്ഥാന വസ്തു നികുതി - 23.35*30 = 700.5 |

| | | | |
|---|---|---|---|
| | | | വർദ്ധനവ് (20%) - 140.1<br>ഇളവ് - ഇല്ല<br>ലൈബ്രറി സെസ്സ് - 43<br>ആകെ - 884/- രൂപ (841+43) |
| 8/158-C | വാണിജ്യം | 16.6 | അടിസ്ഥാന വസ്തു നികുതി - 16.6*30 = 498<br>വർദ്ധനവ് (20%) - 99.6<br>ഇളവ് - ഇല്ല<br>ലൈബ്രറി സെസ്സ് - 30<br>ആകെ - 628/- രൂപ (598+30) |
| 8/158-D | വാണിജ്യം | 24 | അടിസ്ഥാന വസ്തു നികുതി- 24*30 = 720<br>വർദ്ധനവ് (20%) - 144<br>ഇളവ് - ഇല്ല<br>ലൈബ്രറി സെസ്സ് - 44<br>ആകെ - 908/- രൂപ (864+44) |
| 8/158-E | വാണിജ്യം | 25 | അടിസ്ഥാന വസ്തു നികുതി - 25*30 = 750<br>വർദ്ധനവ് (20%) - 150<br>ഇളവ് - ഇല്ല<br>ലൈബ്രറി സെസ്സ് - 45<br>ആകെ - 945/- രൂപ (900+45) |
| ആകെ പ്ലിന്ത് ഏരിയ | | 112.65 | |

എന്നാൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച ആകെ പ്ലിന്ത് ഏരിയ, അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള ആകെ പ്ലിന്ത് ഏരിയയിൽ നിന്നും 15.82 ച.മീ. (128.47-112.65) കുറവായാണ് എടുത്തിട്ടുള്ളത്. ഇതുമൂലം വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

കുറവ് വന്ന വസ്തു നികുതി

അടിസ്ഥാന വസ്തു നികുതി - 15.82*30 = 474.6

വർദ്ധനവ് (20%) - 94.92

ഇളവ് - ഇല്ല

ലൈബ്രറി സെസ്സ് - 28

ആകെ - 598/- രൂപ (570+28)

ഇതു സംബന്ധിച്ചു് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/27.11.2019) സഞ്ജയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയതായി അറിയിച്ചിട്ടുണ്ട്. ആയത് ഡിമാന്റിൽ വന്നതിനാൽ ടി കുടിശ്ശിക തുക ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-14 ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

ശ്രീകൃഷ്ണപുരം ബി.എസ്.എൻ.എൽ. ഓഫീസ് കോമ്പൗണ്ട്, ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് സമീപം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ആയത് നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 പാലിന് ഇൻസെന്റീവ് - ആവശ്യമായ സബ്സിഡി തുക വകയിരുത്തിയില്ല

പ്രൊജക്ട്.നം. 46/19 – ക്ഷീരസംഘത്തിൽ അളക്കുന്ന കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്

നിർവഹണോദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ - 1425000/- രൂപ (വികസന ഫണ്ട് - 1000000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 300000/-, ജില്ലാ പഞ്ചായത്ത് വിഹിതം - 125000/-)

ചെലവ് - 1425000/- രൂപ

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലുള്ള ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 4 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് മേൽ പ്രൊജക്ട് പ്രകാരം, പഞ്ചായത്ത് പരിധിയിലെ വിവിധ ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ പേര് | സബ്സിഡി ലഭിച്ച കർഷകരുടെ എണ്ണം (മാസം തിരിച്ച്) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 4/18 | 5/18 | 6/18 | 7/18 | 8/18 | 9/18 | 10/18 | 11/18 | 12/18 | 1/19 | 2/19 | 3/19 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കടമ്പഴിപ്പുറം വനിത | 20 | 20 | 20 | 21 | 21 | 20 | 0 | 0 | 0 | 0 | 0 | 0 |
| 2 | ശ്രീകൃഷ്ണപുരം | 104 | 110 | 112 | 114 | 107 | 93 | 0 | 0 | 0 | 0 | 0 | 0 |
| 3 | മംഗലാംകുന്ന് | 45 | 43 | 43 | 42 | 38 | 34 | 0 | 0 | 0 | 0 | 0 | 0 |
| 4 | വലമ്പിലിമംഗലം | 55 | 59 | 58 | 59 | 58 | 53 | 0 | 0 | 0 | 0 | 0 | 0 |
| 5 | മണ്ണമ്പറ്റ | 148 | 153 | 149 | 142 | 129 | 117 | 0 | 0 | 0 | 0 | 0 | 0 |
| 6 | തലയണക്കാട് | 33 | 33 | 31 | 30 | 22 | 21 | 0 | 0 | 0 | 0 | 0 | 0 |

2018 ഏപ്രിൽ മുതൽ 2018 സെപ്റ്റംബർ വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. പദ്ധതി കാലയളവിലെ 10/18 മുതൽ 03/19 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 4/21.11.2019) നിർവ്വഹണോദ്യഗസ്ഥൻ വിശദീകരണം നൽകിയത്. ഭാവിയിൽ മതിയായ തുക വകയിരുത്തി, സർക്കാർ നിർദ്ദേശ പ്രകാരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 ഹരിത കർമ്മ സേന – വരവ് ചെലവ് കണക്കുകൾ ആധികാരികമാക്കേണ്ടതാണ്

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ ഭാഗമായി പഞ്ചായത്തിലെ വാർഡുകളിലെ ഓരോ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനുള്ള ഫീസായി മാസം 20/- രൂപ നിരക്കിൽ നിശ്ചിത മാതൃകയിലുള്ള രസീതി മുഖേന ഈടാക്കി ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 1576, ശ്രീകൃഷ്ണപുരം സർവ്വീസ് കോ. ബാങ്ക്) ഒടുക്ക് വരുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ / രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല, ആയത് സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. കളക്ഷനുവേണ്ടി ഉപയോഗിക്കുന്ന നിശ്ചിത മാതൃകയിലുള്ള രസീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ.

2. രസീതി മുഖേന പിരിക്കുന്ന തുകകൾ രേഖപ്പെടുത്തുന്ന കളക്ഷൻ രജിസ്റ്റർ.

3. ചെലവുകളുടെ വൗച്ചറുകൾ.

മേൽ രേഖകൾ / രജിസ്റ്ററുകൾ എല്ലാം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ആധിക്കാരികമാക്കേണ്ടതാണ്.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ടുകൾ പ്രകാരം സ്വദേശി ഫുഡ്സ്, ആനപ്പാറ, ചെറായ, കോങ്ങാട് - 678631 ( GSTIN : 32ACLFS3513P12T) എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ & തീയതി | തുക | പ്രൊജക്ട് നമ്പർ |
|---|---|---|---|
| 1 | 364/ 10.11.18 | 50624.00 | 21/2019 |
| 2 | 366/10.11.18 | 21970.00 | -do- |
| 3 | 387/12.12.18 | 52650.00 | -do- |
| 4 | 388/12.12.18 | 3969.00 | -do- |
| 5 | 390/12.12.18 | 21552.00 | -do- |
| 6 | 410/7.1.19 | 21762,00 | -do- |
| 7 | 411/7.1.19 | 4166.00 | -do- |
| 8 | 434/11.2.19 | 3087.00 | -do- |
| 9 | 436/13.2.19 | 19152.00 | -do- |
| 10 | 408/7.1.19 | 54674.00 | -do- |
| 12 | 433/13.2.19 | 53661.00 | -do- |
| 13 | 457/15.3.19 | 4702.00 | -do- |
| 14 | 455/15.3.19 | 52650.00 | -do- |
| 15 | 343/12.10.18 | 47586.00 | 24/2019 |
| 16 | 344/12.10.18 | 2940.00 | -do-- |
| 17 | 345/12.10.18 | 21969.00 | -do- |
| 18 | 346/12.10.18 | 13955.00 | -do- |
| 19 | 365/10.11.18 | 3969.00 | -do- |
| | | 433266.00 | |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ .വ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുന്നതിന് എെ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ ക്രമപ്രകാരം നടപ്പിലാക്കേണ്ടതാണ്.

# 1-18 പാലിയേറ്റീവ് പരിചരണം - കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവ ലഭ്യമായിട്ടില്ല

പ്രൊജക്ട്.നം. 15/19 – സമഗ്രപാലിയേറ്റീവ് പരിചരണപരിപാടി

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., ശ്രീകൃഷ്ണപുരം

അടങ്കൽ - 700000/- രൂപ (വികസന ഫണ്ട് )

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് പരിചരണത്തിന്റെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവ വാങ്ങുന്നതിനായി 18.03.2019 ലെ ബിൽ നം. 16/2018-19 പ്രകാരം 39124/- രൂപ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (നം. 799011400003959) ഓൺലൈനായി മാറി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ, യു.പി.എസ്. എന്നിവ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുവാൻ വേണ്ട മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗരേഖകൾ ഹാജരാണം

പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

പ്രൊജക്ട് നമ്പർ 49/19

അടങ്കൽ : ഗ്രാമപഞ്ചായത്ത് വിഹിതം 3,12,500/- +

സംസ്ഥാനാവിഷ്കൃതം 3,12,500/- +

ഗുണഭോക്തൃ വിഹിതം 6,25,000/- ആകെ 1250000.00

ചെലവ്- 312500 /- (ബിൽ നം 20 തീയതി13-11-18)

നിർവഹണം- സീനിയർ വെറ്റിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 50 ഗുണഭോക്താക്കളുടെ വിഹിതമായ312500/-രൂപ എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയരക്ടർ,പാലക്കാടിന് നെഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം നടത്തുന്നതിന് തലയണക്കാട് ക്ഷീരോൽപാദക സഹകരണ സംഘത്തെ തെരഞ്ഞെടുത്തിട്ടുമുണ്ട്. തുക കൈപ്പറ്റിയതിനുള്ള രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തീയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്

# 1-20 ബഡ്സ് സ്ക്കൂൾ പ്രവർത്തനം- സർക്കാർ നിർദ്ദേശം പാലിക്കണം

പ്രൊജക്ട് നം 17 /19 – ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ

അടങ്കൽ- രൂ .800,000.00 ( വികസന ഫണ്ട് – 451985 .00 + തനത് ഫണ്ട് -348015.00)

ചെലവ് -രൂ 794500.00
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന്റെ ബഡ്സ് സ്കൂൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം , ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്ക് സർക്കാർ നിർദ്ദേശം പാലിച്ച് സേവനങ്ങളും വാങ്ങലുകളും നടത്തേണ്ടതാണ്.

# 1-21 കണക്കുകളുടെ സൂക്ഷിപ്പ് - വ്യവസ്ഥകൾ പാലിക്കണം

അസിസ്റ്റന്റ് സെക്രട്ടറി , സീനിയർ വെറ്റിനറി സർജ്ജൻ എന്നിവർ പരിപാലിക്കുന്ന സബ്സിഡയറി കാഷ് ബുക്കിൽ തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവയിൽ നിന്നുള്ള വരവുകളും, ചെലവുകളും രേഖപ്പെടുത്തുന്നില്ല. കൂടാതെ പ്രൊജക്ട് നിർവ്വഹണത്തിനാവശ്യമായ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നേരിട്ടാണ് നടത്തിയിരിക്കുന്നത്. കണക്കുകളുടെ സൂക്ഷിപ്പിലും, പ്രൊജക്ട് നിർവ്വഹണത്തിലും സർക്കാർ ഉത്തരവ് (പി)177/2006/ധനം തീയതി 12.4.2006, സർക്കാർ ഉത്തരവ് (പി)118/2015/ധനം തീയതി 1.4.2015 എന്നിവയിലെ ബാധകമായ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

# 1-22 പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം 20 /19 – പി.വി.സി വാട്ടർ ടാങ്ക് വിതരണം

അടങ്കൽ- രൂ.499150.00 ( വികസന ഫണ്ട് -എസ്.സി.പി 150000.00 + ഗുണഭോക്തൃ വിഹിതം124862.00 + തനത് ഫണ്ട് 224288.00)

ചെലവ്- രൂ.499150.00

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 6.6(5) ലെ വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി മേൽ പ്രൊജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 149 പട്ടിക ജാതി കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. വാട്ടർ ടാങ്കുകൾ സപ്ലൈ ചെയ്തത് Sagar Poly Crafts, Vengassery PO, Ottapalam എന്ന വാട്ടർ ടാങ്ക് നിർമ്മാണ സ്ഥാപനമാണ്. എന്നാൽ ടെണ്ടർ പരസ്യത്തിലെ ഉൽപന്നത്തിന് ഐ.എസ്.ഐ സാക്ഷ്യപത്രം വേണമെന്ന വ്യവസ്ഥക്ക് ഈ സ്ഥാപനം നൽകിയിരിക്കുന്നത് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ്, കോയമ്പത്തൂർ ബ്രാഞ്ചിൽ നിന്നും Varssha Poly Products ,S F No 421/1 Door No 3/166 J, Chinniya Goundampalayam, Palladam, Tirupur - എന്ന സ്ഥാപനത്തിന് ലഭിച്ചതാണ്. ഇത് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്കു വിരുദ്ധവും, ക്രമപ്രകാരവുമല്ല . ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, വാട്ടർ ടാങ്ക് പ്രൊജക്ടുകളിൽ ഐ.എസ്.ഐ സാക്ഷ്യപത്രം നിഷ്കർഷിക്കുമ്പോൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് നൽകുന്ന IS 12701: 1996 മാർക്കും , ഗുണനിലവാരവും, ഫുഡ് ഗ്രേഡ് വിർജിൻ മെറ്റിരിയൽ ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും ഉറപ്പുവരുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 11/26.11.19)

# 1-23 പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.

താഴെപ്പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്: S0155/19- കാനായിത്തൊടി അംഗൻവാടി നവീകരണം

അടങ്കൽ : 3,15,000രൂ.(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ടെക്നിക്കൽ സാങ്ഷൻ ലഭിച്ച തീയ്യതി: 13-3-2018

കരാറുകാരൻ : ഇ. ദാസൻ

എഗ്രിമെന്റ് നമ്പർ : 126/ 18-19/AE/ LSGD/ SKPM/ Dtd : 5-11-2018

റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകരിച്ച തീയ്യതി. 4-1-2019

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി. 3/12/2018

ബിൽ വിവരങ്ങൾ : 136/ 2018-19/ 10-1-2019, 310081രൂ.

മേൽസൂചിപ്പിച്ച പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയ്യതിക്ക് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നേടുന്നത് ക്രമപ്രകാരമല്ല. പ്രവൃത്തി നടക്കുന്ന സമയത്ത് ഏതെങ്കിലും ഭേദഗതി ആവശ്യമായി വന്നാൽ ആയതിന് ഭരണസമിതിയുടെ അംഗീകാരം നേടുകയും തുടർന്ന് ടെക്നിക്കൽ സാങ്ഷൻ നേടുകയും ചെയ്തതിന് ശേഷമാണ് പ്രവൃത്തി ചെയ്യാവുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/27-11-2019 ന് ലഭ്യമാക്കിയ മറുപടിയിൽ വാടക കെട്ടിടത്തിൽ നിന്നും കുട്ടികളെ അടിയന്തിരമായി മാറ്റേണ്ട സാഹചര്യം വന്നതിനാൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടി വന്നതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്.

അനിവാര്യമായ സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ശ്രമിക്കുകയും ആവശ്യമായ അംഗീകാരങ്ങൾ നേടിയ ശേഷം പ്രവൃത്തി നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

# 1-24 എം. ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം നടത്തിയിട്ടുള്ള എം.ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ അസി. എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

# 1-25 ഗുണഭോക്തൃ വിഹിതം -രശീത് നൽകിയില്ല

പ്രൊജക്ട് നമ്പർ - 20/19 - പി.വി.സി വാട്ടർ ടാങ്ക് വിതരണം

അടങ്കൽ : രൂ.499150.00

( വികസന ഫണ്ട് രൂ.150000.00 + തനത് ഫണ്ട് രൂ. 224288.00 + ഗുണഭോക്തൃ വിഹിതം രൂ.124862.00 )

ചെലവ്- രൂ.499150.00

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രൊജക്ടിനുവേണ്ടി ഗുണഭോക്തൃ വിഹിതം പിരിച്ച 124862.00 രൂപക്ക് ഗുണഭോക്താക്കൾക്ക് രശീത് നൽകിയിട്ടില്ല. കൂടാതെ ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിരിക്കുന്നത് അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിലുമാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 20 ലെ വ്യവസ്ഥകൾ / നിബന്ധനകൾ പണം ഗ്രാമ പഞ്ചായത്തിനു വേണ്ടി സ്വീകരിക്കുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 തൊഴിലുറപ്പ് പദ്ധതിയിലൂടെ കിണർ നിർമ്മാണം

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 27 കിണറുകളും 2018-19സാമ്പത്തിക വർഷത്തിൽ 8 കിണറുകളും അടക്കം ആകെ 35കിണറുകൾ നിർമ്മിച്ചതായി കാണുന്നു.എന്നാൽ ഓഡിറ്റ് അന്വേഷണത്തിൽ ടി 35കിണറുകളും ആൾമറ കെട്ടി സുരക്ഷിതമാക്കിയിട്ടില്ല എന്നും അവശേഷിക്കുന്നവ ആൾമറ കെട്ടി സുരക്ഷിതമാക്കി ശുചിത്വ കിണറുകളാക്കുവാൻ വരും വർഷം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കിയിരുന്നു. നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 തെരുവുവിളക്കുകളുടെ പരിപാലനം

പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന തെരുവു വിളക്കു രജിസ്റ്റർ പ്രകാരം തെരുവു വിളക്കുകളുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. 2018-19 സാമ്പത്തിക വർഷം 14 വാർഡുകളിലായി 79 പുതിയ LEDവിളക്കുകൾ സ്ഥാപിച്ചതായി രേഖകളിൽ കാണുന്നുവെങ്കിലും ഓരോ വാർഡിലും 5 വിളക്കുകൾ വീതം 70 എണ്ണം മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള സൂപ്പർവിഷൻ രേഖകൾ,ആയതിന്മേൽ അടവാക്കേണ്ട സൂപ്പർവിഷൻ ചാർജ്ജുകൾ ഒടുക്കിയ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. തെരുവുവിളക്കുകൾ പരിപാലനത്തിനായി ടെൻഡർ നൽകുമ്പോൾ വാറൻഡി പിരിയഡ് കഴിയാത്തവ ഒഴിവാക്കിയതായി കാണുന്നില്ല. മേല്പ്പറഞ്ഞവയിൻ മേൽ രേഖകളും വിശദീകരണവും ആവശ്യപ്പെടുന്നു. മീറ്റർ ഘടിപ്പിക്കാത്തതിനാൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതിചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് വിളക്കുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഒടുക്കി വരുന്നത്. ഇത് സംബന്ധിച്ച് 22.11.2019 ന് 7-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സംയുക്ത പരിശോധന ഉടൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 പൊതുടാപ്പുകൾ ഒഴിവാക്കൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കുടിവെള്ള വിതരണത്തിന്റെ ഭാഗമായി 262 പൊതുടാപ്പുകൾ നിലവിലുള്ളതിൽ 60 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് 07-10-2017ലെടുത്ത തീരുമാനത്തിന് ഇനിയും നടപടികളായിട്ടില്ല. 2019 ഫെബ്രുവരി മാസത്തെ വാട്ടർ അതോറിട്ടിയുടെ കുടിശ്ശികതുക 1818559/-രൂപയായിരുന്നത് 2019ഒക്ടോബർ മാസം 2871720 ആയി വർദ്ധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 19.11.2019 തീയതിയിൽ 2-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിശദമായ മറുപടി നൽകിയിട്ടുണ്ട്. നടപടികൾ ഊർജിതമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഭാഗം-2</u>

ഒന്നുമില്ല

<u>ഭാഗം-3</u>

ഒന്നുമില്ല

# <u>ഭാഗം -4</u>
# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 335000 | 28/19നെൽ കൃഷി വികസനം | 335000 | -0- |
| | | 670250 | 171/19ലൈഫ് മിഷൻ(ജനറൽ) | 670250 | -0- |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 142500 | 172/19ലൈഫ് മിഷൻ (എസ്.സി.പി) | -0- | 142500 |
| | | 200000 | 22/19 സ്കോളർഷിപ്പ് | 200000 | -0- |
| | | 300000 | 46/19 പാൽ സബ്സിഡി | 300000 | -0- |
| ജില്ലാപഞ്ചായത്ത് | 2018-19 | 331413 | 28/19നെൽ കൃഷി വികസനം | 331413 | -0- |
| | | 588213 | 171/19ലൈഫ് മിഷൻ (ജനറൽ) | 588213 | -0- |
| | | 296398 | 172/19ലൈഫ് മിഷൻ (എസ്.സി.പി) | -0- | 296398 |
| | | 95553 | 22/19 സ്കോളർഷിപ്പ് | 95553 | -0- |
| | | 125000 | 46/19പാൽ സബ്സിഡി | 125000 | -0- |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ (ജനറൽ) | 21800334 21800690 | 1750000/- രൂപ | ജനറൽ വിഭാഗത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. | |
| വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ(എസ്.സി.പി) | 21800922 | 500000/- രൂപ | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി | ലഭ്യമായിട്ടില്ല. | 5288634/- | -0- | -- | -- | 5288634/- |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-4 | 1250/- | അസിസ്റ്റന്റ് എഞ്ചിനീയർ | 118050104683/14.12.2018 |
| | 3-2 | 13873/- | അസിസ്റ്റന്റ് എഞ്ചിനീയർ | 118050105749/20.02.2019 |
| | 3-5 | 2394/- | സെക്രട്ടറി | 118050103907/26.10.2018 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

**<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

ഒന്നുമില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 91482764/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83370683/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഒന്നുമില്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | ഒന്നുമില്ല | ഒന്നുമില്ല | - |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br><br>ഔദ്യോഗിക മേൽവിലാസം | |
| | | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | LF.P6/25/2000/16.10.2000 | പുനരഭിപ്രായം |
| 1999-00 | LF.P8/1662/08/17.4.2009 | പുനരഭിപ്രായം |
| 2000-01 | LF.P6/1137/2003/13.2.2004/10.3.2004 | പുനരഭിപ്രായം |
| 2001-02 | LF.P8/1574/2008/6.3.2009 | കത്ത് |
| 2002-03 | LF.P6/942(1)/2004/7.12.2009 | പുനരഭിപ്രായം |
| 2003-04 | LF.P8/1663/08/3.4.2009 | പുനരഭിപ്രായം |
| 2004-05 | LF.P8/786/14/3.7.2014 | പുനരഭിപ്രായം |
| 2005-06 | LF.P8/778/14/11.8.2014 | പുനരഭിപ്രായം |
| 2006-07 | LF.P8/356/12/29.3.2012 | ശുദ്ധിപത്രം |
| 2007-08 | LF.P12/748/14/3.6.14 | പുനരഭിപ്രായം |
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10<br><br>2010-11 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |
| 2011-12 | | |
| 2012-13 | L.F.P12/1932/14/8.12.2014 | പുനരഭിപ്രായം |
| 2013-14 &<br><br>2014-15 | KSA PKD-12/951/2016 dt.29.06-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA.PKD 12/2323/16 dt. 29.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA.PKD .12-1540/17 dt.06-10.2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | KSA.PKD12-2396/18 dt. 06-09.2018 | പുനരഭിപ്രായം |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി-21/997/19(71)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി – 26.08.2019
ഇ-മെയിൽ – dopkd.ksad@kerala.gov.in
ഫോൺ-04912520145

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1) വസ്തുനികുതി - 2018-19 വർഷത്തെ ഡി സി ബി നിലവിൽ പരിശോധിക്കുമ്പോൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വ്യത്യസപ്പെട്ടിട്ടുള്ളതായി കാണുന്നു.

2) RCH എന്ന ബാങ്ക് അക്കൗണ്ടിന്റെ (നം.57047336503) റിക്കൺസിലിയേഷനിൽ 43867 രൂപ directly debited by bank എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 2017 മുതൽ റികൺസിലിയേഷനിൽ ഈ വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്.

3) ട്രഷറി ടി എസ് ബി- വി പി എഫ് എ 1-2 എന്ന അക്കൗണ്ടിന്റെ പാസ്ബുക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന ഇനങ്ങളിലെ തുകകളുടെ സംക്ഷിപ്തം വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

എ) കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്

ബി) സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്

സി) സപ്ലൈയേഴ്സ് റിട്ടൻഷൻ

ഡി) other deposits

5) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

6) NREGS പ്രകാരമുള്ള EFMS ആയി നൽകിയ തുകയും അഡ്മിനിസ്ട്രേഷൻ ചെലവുകൾക്കായി നൽകിയ തുകകളുടെയും ആകെ തുക ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ചേർക്കുന്നതിനു പകരം അഡ്മിനിസ്ട്രേഷൻ വരവും EFMS ആയി നൽകിയ തുകയുമാണ് വാർഷികകണക്കിൽ ചേർത്തിട്ടുള്ളത്.

7) സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

8) സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(71)

Kerala State Audit Department
District Audit Office, Palakkad
Date - 26.08.2019
Email-dopkd.ksad@kerala.gov.in
Phone - 04912520145

## CERTIFICATE

Certified that 1 have examined the Annual Financial Statement of Sreekrishnapuram Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Sreekrishnapuram Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

### Abstracts of defects / Discrepancies

1. Property Tax - The demand collection balance for the year 2018-19 with respect to current and arrear accounts currently differs in Sanchaya.

2. In the reconciliation of RCH Bank Account (No. 57047336503) an amount ₹.43867 is recorded as directly debited by the Bank. This difference has been recorded in Reconciliation since 2017.

3. The Passbook and Reconciliation Statement of the Treasury TSB-VPFA 1-2 has not been submitted for verification.

4. Deposit Register- the figures of the following items does not agree with the AFS

- Contractor's Secutiry Deposit

- Suppliers Securiy Deposit
- Suppliers Retention
- other deposits

5. Advance Register is not prepared and maintained.

6. NREGS - Instead of adding EFMS &Administration Expenses, wrongly added Administration receipt & EFMS amount to Income & Expenditure Statement Of AFS.

7. Stock register is not maintained as value based.

8. The data entry pertaining to asset register not linked to Sankya, hence the correctness of the value of assets as per balance sheet could not be ascertained.

Deputy Director

# അനുബന്ധം-2 RECEIPT & PAYMENT STATEMENT

Sreekrishnapuram Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5368986.00 |
| Cash | Cash | RP-40(a) | 71174.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1515860.00 |
| 130000000 | Rental income from Panchayat Properties | RP-3 | 267669.00 |
| 140000000 | Fees & User Charges | RP-4 | 195312.00 |
| 150000000 | Sale & Hire Charges | RP-5 | 623728.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65593102.00 |
| 171000000 | Interest Earned | RP-9 | 26016.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6976886.00 |
| 350000000 | Other Liabilities | RP-36 | 331816.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 24289.00 |
| 311000000 | Earmarked Funds | RP-29 | 1619.00 |
| 330000000 | Secured Loans | RP-32 | 5288634.00 |
| 340000000 | Deposits Received | RP-34 | 584908.00 |
| 350000000 | Other Liabilities | RP-36 | 229210.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4347555.00 |
| 460000000 | Loans, Advances and Deposits | RP-47 | 36000.00 |
| | Grand total | | 91482764.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2715971.00 |
| 220000000 | Administrative Expenses | RP-12 | 933503.00 |
| 230000000 | Operations & Maintenance | RP-13 | 1887109.00 |
| 250000000 | Decentralised Plan Programme- | RP-15 | 7305473.00 |

| | | | |
|---|---|---|---|
| | Productive Sector | | |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24468193.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2991690.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1615458.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 362360.00 |
| 255000000 | Maintenance Projects | RP-20 | 4658465.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 418750.00 |
| 350000000 | Other Liabilities | RP-36 | 4227104.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 885.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 294624.00 |
| 350000000 | Other Liabilities | RP-36 | 1237909.00 |
| 410000000 | Fixed Assets | RP-38 | 26796281.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 3429908.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8084839.00 |
| Cash | Cash | RP-40(b) | 27242.00 |
| | Grand Total | | 91482764.00 |

INCOME & EXPENDITURE STATEMENT

Sreekrishnapuram Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4303304.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 534898.00 |
| 140000000 | Fee & User Charges | I-4(b) | 299812.00 |
| 150000000 | Sale & Hire Charges | I-5(b) | 628269.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 113677998.00 |
| 171000000 | Interest Earned | I-8 | 26016.00 |
| 180000000 | Other Income | I-9 | 511070.00 |
| | Total Income | | 119981367.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8104726.00 |
| 220000000 | Administrative Expenses | I-11(b) | 933503.00 |
| 230000000 | Operations & Maintenance | I-12(b) | 1917869.00 |
| 240000000 | Interest & Finance Charges | I-13 | 885.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7305473.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41179917.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2992091.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1615458.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 46713960.00 |
| 255000000 | Maintenance Projects | I-14(e) | 4658465.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 3641708.00 |
| | Total Expenditure | | 119089055.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 892312.00 |
| | Gross Surplus/ Deficit of income over Expenditure | | 892312.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET

| Sreekrishnapuram<br>Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 28192048.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2888.00 |
| 312000000 | Reserves | B-3 | 84620636.00 |
| | Total Reserve & Surplus | | 112815572.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3558266.00 |
| | Total Grants, Contributions for Specific Purposes | | 3558266.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5288634.00 |
| | Total Loans | | 5288634.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 832884.00 |
| 350000000 | Other Liabilities | B-9 | 1012860.65 |
| | Total Current Liabilities and Provisions | | 1845744.65 |
| | TOTAL LIABILITIES | | 123508217.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 111240992.00 |
| 411000000 | Accumulated Depreciation | B-11 | -4008940.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 107232052.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 5288634.00 |
| 450000000 | Cash and Bank Balance | B-17 | 8112081.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 2875450.00 |
| | Total Current Assets, Loans and Advances | | 16276165.00 |

Deputy Director